പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 447

27.02.2018 - ൽ മറുപടിക്ക്.

## ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പദ്ധതി

ചോദ്യം
ശ്രീ. പി. സി. ജോർജ്ജ്.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) വ്യവസായ വകുപ്പ് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ, പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിവരിക്കുമോ ?

(എ), (ബി), (സി) & (ഡി) :
വ്യവസായ വകുപ്പ് 'ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പദ്ധതി' എന്ന പേരിലുള്ള ഒരു പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ വിവര സാങ്കേതിക വിദ്യയുടെ ചുവട് പിടിച്ച് വ്യവസായ വകുപ്പിലെ വിവിധങ്ങളായ പദ്ധതികൾ ഓൺലൈൻ അധിഷ്ഠിതമാക്കി വരുന്നതും നിരവധി പദ്ധതികൾ ഇതിനകം തന്നെ ഓൺലൈൻ അധിഷ്ഠിതമാക്കിയിട്ടുള്ളതുമാണ്. അതുപോലെ വ്യവസായ ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും ഇ-റെഡി ഓഫീസ് ആക്കി മാറ്റുവാനുമുള്ള പദ്ധതിയും നടന്നു വരുന്നു. ഇപ്രകാരം അനുബന്ധ ഓഫീസുകളുമായുള്ള നടപടി ക്രമങ്ങൾ കാര്യക്ഷമമാക്കി, പൊതുജനങ്ങൾക്ക് സുതാര്യവും സത്വരവുമായ സേവനം നൽകാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.